Circular: 4/Gen-OVBS /2025


# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

website: ossaebodhanam.org, ossae.org, e-mail: dgossae@gmail.com, Ph. 04812572890


## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ

### OVBS 2025

ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരേ, അധ്യാപകരെ,

2024 ലെ OVBS അനുഗ്രഹപ്രദമായി പൂർത്തീകരിക്കുന്നതിൽ ഉത്സാഹിച്ച ഏവരോടുമുള്ള നന്ദി അറിയിക്കട്ടെ. 2025 ലെ OVBS വിജയപ്രദമാക്കുവാൻ എവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാ യൂണിറ്റുകളിലും OVBS കാര്യക്ഷമമായി നടത്തുവാൻ വൈദികരുടെ നേതൃത്വത്തിൽ OVBS സൂപ്രണ്ടിനെയും കൺവീനർമാരെയും അധ്യാപകരെയും തെരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിക്കണം.

### ചിന്താവിഷയം

സങ്കീർത്തനങ്ങൾ 119:9 നെ ആസ്പദമാക്കി 'നടപ്പിൽ നിർമ്മലരായിരിപ്പിൻ' എന്ന ചിന്താവിഷയമാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നത്. ഈ ചിന്താവിഷയവുമായി ബന്ധപ്പെട്ട് ആറു ഉപവിഷയങ്ങളാണ്, ഏഴ് ക്ലാസ്സുകളിലായി ആറു ദിവസം കുട്ടികൾ പഠിക്കുന്നത്.

### OVBS ആരംഭം

2025 **മാർച്ച് 31 തിങ്കൾ മുതലുള്ള ദിവസങ്ങളിൽ OVBS നടത്താം.** എല്ലാ ഒ.വി. ബി.എസ്. മെറ്റീരിയൽസും അതിനു മുൻപായി ഓഫീസിൽ തയ്യാറായിരിക്കും. ഓരോ യൂണിറ്റുകളുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തീയതി നിശ്ചയിക്കേണ്ടത്. ഉദ്ഘാടനം, തുടർന്ന് ആറു ദിവസത്തെ ക്ലാസ്സുകൾ, സമാപനം എന്നീ വിധത്തിൽ എട്ടു ദിവസങ്ങളായി OVBS ക്രമീകരിക്കണം. ഭദ്രാസന ഡയറക്ടറും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറും ചേർന്നുള്ള വിധത്തിൽ യൂണിറ്റ് സന്ദർശനം പരിമിതപ്പെടുത്തണം.

### OVBS Materials

എല്ലാ വിദ്യാർത്ഥികൾക്കും Course Book, Song Book, Badge, Certificate എന്നിവ ഉണ്ടായിരിക്കും. Seeds, Roots, Buds വിദ്യാർത്ഥികൾക്ക് മനഃപാഠവാക്യത്തിന് സമ്മാനമായി Crown, Sticker എന്നിവ ഉണ്ടായിരിക്കും. ഈ വർഷം ധ്യാനസഹായി ഒരു യൂണിറ്റിന് രണ്ട് കോപ്പി വീതം നൽകും. അതോടൊപ്പം അധ്യാപനം സുഗമമാക്കുവാനും യൂണിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും Teacher's Hand Book ക്രമീകരിച്ചിട്ടുണ്ട്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരേ Course Book തന്നെയാണ് ക്രമീകരിക്കുന്നത്. പാഠഭാഗങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കി വിഷയത്തോടു നീതി പുലർത്തി ക്ലാസ്സുകളെടുക്കാൻ ശ്രദ്ധിക്കണം.

### ഗാനങ്ങൾ

26 ഗാനങ്ങൾ, പാട്ടു പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരാധനാ ഗീതം, പ്രാർത്ഥനാ ഗീതം, Theme Song, Marching Song എന്നിവ നിർബന്ധമായും പഠിപ്പിക്കണം.

കേന്ദ്ര ഗാനപരിശീലന ക്യാമ്പ് 2025 ഫെബ്രുവരി 8,9 തീയതികളിൽ പരുമല സെമിനാരിയിൽവച്ചു നടന്നു. ഭദ്രാസന ഗാനപരിശീലന ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർ യൂണിറ്റു തലത്തിലെ ഗാനപരിശീലനത്തിന് നേതൃത്വം നൽകണം.

## ലഹരിവിരുദ്ധ ദിനം

വിവിധ തരത്തിലുള്ള ലഹരികൾ നമ്മുടെ കുട്ടികളെ സ്വാധീനിക്കുന്നതായിട്ടും അതിന്റെ ദോഷവശങ്ങൾ സമൂഹത്തിൽ വളരെയധികം പ്രകടമാകുന്നതും നമുക്ക് അറിവുള്ളതാണല്ലോ. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ വർഷത്തെ ഒ.വി.ബി.എസ്സിന്റെ ആറാം ദിവസം ലഹരിവിരുദ്ധ ദിനമായി ആചരിക്കുകയും നമ്മുടെ ഒ.വി.ബി.എസ് കുട്ടികളും അധ്യാപകരും രക്ഷകർത്താക്കളും സഹകരിച്ചു പങ്കെടുക്കുന്ന പരിപാടികൾ സംഘടിപ്പിക്കുകയും വേണം. ഭദ്രാസനത്തിന്റെ ചുമതലക്കാരും ഡിസ്ട്രിക്ട് ചുമതലക്കാരും യൂണിറ്റിന്റെ ഭാരവാഹികളും അധ്യാപകരും ഈ വിഷയം ഗൗരവപൂർവ്വം പരിഗണിക്കണം. ഇടവകയിലെ മറ്റ് അദ്ധ്യാത്മിക സംഘടനകളെക്കൂടി ഈ പരിപാടികളിൽ സഹകരിപ്പിക്കുന്നത് നന്നായിരിക്കും.

## OVBS Teacher's Hand Book

OVBS Teacher's Hand Book എല്ലാ യൂണിറ്റുകളിലും രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതാണ്. Hand Book-ൽ എല്ലാ ക്ലാസ്സുകളിലെയും പാഠങ്ങളുടെ വിശദീകരണം അധ്യാപകർക്കു ലഭ്യമാക്കുകയാണ്. മറ്റു ക്ലാസ്സുകളിൽ പാഠങ്ങൾ എങ്ങനെ പുരോഗമിക്കുന്നു എന്ന് എല്ലാ അധ്യാപകരും മനസ്സിലാക്കുവാനാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. അധ്യാപകർക്കു ലഭിച്ചിരിക്കുന്ന Teacher's Hand Book യൂണിറ്റ് ചുമതലക്കാരും അവരിൽനിന്നും വാങ്ങി മനസ്സിലാക്കുന്നതു നന്നായിരിക്കും.

OVBS ന്റെ പാഠ്യപദ്ധതിയിൽ നിലനിന്നുകൊണ്ട് ചിന്താവിഷയം കുട്ടികളുടെ മനസ്സിൽ ഉറയ്ക്കത്തക്ക രീതിയിൽ ബോധനരീതികൾ പ്രയോജനപ്പെടുത്തണം.

OVBS നടത്തുന്നത് ബഹു. വികാരിയുടെയും സഹപട്ടക്കാരുടെയും മേൽനോട്ടത്തിലാണ്. ഇടവക ഭാരവാഹികളും അധ്യാപകരും തമ്മിലുള്ള സഹകരണം OVBS ന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. യുവതലമുറയെ ദൈവബന്ധത്തിൽ ചേർത്തു നിർത്തുവാൻ പ്രാർത്ഥന അനിവാര്യമാണ്. അനുദിന ജീവിതത്തിൽ അവർ പ്രാർത്ഥനയെ സ്നേഹിക്കുന്നവരും പ്രാർത്ഥിക്കുവാൻ ഇഷ്ടമുള്ളവരും ആക്കിത്തീർക്കുവാൻ കാരുണ്യവാനായ ദൈവത്തോട് 'നമുക്ക് പ്രാർത്ഥിക്കാം'.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുകയും ശക്തീകരിക്കുകയും ചെയ്യട്ടെ.

13-3-2025

**ഡോ. വർഗീസ് വർഗീസച്ചൻ**
ഡയറക്ടർ ജനറൽ, OSSAE